# കെ.എൻ.എൻ.എം.വി.എച്ച്.എസ്.എസ്

# പവിത്രേശ്വരം



# തൂലിക

# സന്ദേശം

വിവരസാങ്കേതിക വിദ്യയുടെ നൂതനാശയങ്ങൾ കുട്ടികളിൽ എത്തിക്കുന്ന" ലിറ്റിൽ കൈറ്റ്സിന്റെ" ആഭിമുഖ്യത്തിൽ കുഞ്ഞുങ്ങളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി തയ്യാറാക്കുന്ന "തൂലിക "എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഈ സംരംഭത്തിന് ആയി പ്രയത്നിച്ച എല്ലാവർക്കും ആശംസകൾ നേരുന്നു

G.S.SREEBINDU
Teacher in charge



# ആമുഖം

കൊല്ലം ജില്ലയിലെ ഏറ്റവും മഹത്തായ വിദ്യാലയങ്ങളിലൊന്നായ പവിത്രേശ്വരം K N N M V H S S -ലെ
ഭാവിയുടെ വാഗ്ദാനങ്ങളിലൊന്നായ Little Kites പ്രതിഭകളിൽ അന്തർലീനമായിട്ടുള്ള സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുന്ന ഒരു സംരംഭമാണ് ഈ തൂലിക
കേവലം പാഠ്യപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാതെ പലതരം പ്രവർത്തനങ്ങളിൽ കുട്ടികൾ ആർജിച്ച കഴിവുകൾ ഇതിലൂടെ പ്രകടമാകുന്നതാണ്.

സ്നേഹപൂർവ്വം
എഡിറ്റർ



# Editorial Board

Midhunlal
M M Narayanan
Adhithyan S
Sreelekshmi S R
Nanda Krishna M S
Hridya A J
Abhinav

# എന്റെ വിദ്യാലയം

കൊട്ടാരക്കര താലൂക്കിലെ പവിത്രേശ്വരം മായൻകോട്ട് മലദേവ ക്ഷേത്രത്തിനു സമീപം പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സമുച്ചയത്തിൽ കസ്തൂർബാ നഴ്സറി,എസ്.സി.വി.എൽ.പി.എസ്,കെ.എൻ.എൻ.എം.എച്ച്.എസ്. എസ് &വി.എച്ച്.എസ്,എസ്.കെ.എൻ.മെമ്മോറിയൽ ടീച്ചർ എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ നാലു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആണ് ഉള്ളത്. 1928-ൽ ആരംഭിച്ച ശ്രീചിത്തിര വിലാസം ലോവർ പ്രൈമറി സ്കൂളാണ് ഈ വിദ്യാഭ്യാസ സമുച്ചയത്തിന്റെ മുത്തശ്ശി..

1950-ൽ തുടങ്ങിയ അപ്പർ പ്രൈമറി സ്കൂൾ 1985-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു.

1955-ൽ ഈ സ്ഥാപനം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളായി പ്രവർത്തിക്കാൻ അംഗീകാരം ലഭിച്ചു.1988-ൽ കസ്തൂർബ നഴ്സറിയും 2003-ൽ ആരംഭിച്ച കെ.എൻ.നായർ മെമ്മോറിയൽ ടി.ടി.ഐ എന്ന അധ്യാപക പരിശീലന കേന്ദ്രവും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.2014-ൽ ഹയർസെക്കൻഡറി വിഭാഗവും ആരംഭിക്കാൻ കഴിഞ്ഞു.

സ്കൂളിന്റെ സ്ഥാപക മാനേജർ കുളമുടിയിൽ ശ്രീ എൻ നീലകണ്ഠൻ നായരുടെ സ്മരണക്കായി ആണ് ഈ സ്ഥാപനം അറിയപ്പെടുന്നത്.

കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥപനങ്ങളിൽ ഒന്നായ ഇവിടെ ആയിരത്തോളം വിദ്യാർത്ഥികളാണ് ഉള്ളത്. കൂടാതെ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയവും ആണ്.

കൊട്ടാരക്കര താലൂക്കിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന എൻ.സി.സി,എസ്.പി.സി,സ്കൗട്ട്,ഗൈഡ്,ലിറ്റിൽ കൈറ്റ്,എൻ.എസ്.എസ്,എന്നീ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു.

വർഷങ്ങളായി സബ്ജില്ല കലോത്സവത്തിൽ നിന്നും പ്രകടനത്തിലൂടെ ഓവറാൾ ചാമ്പ്യൻഷിപ്പ് ലഭിക്കുന്നത് നമ്മുടെ സ്കൂളിനാണ്.

കൂടാതെ ഏറ്റവും മികച്ച സയൻസ് സ്കൂളും ഏറ്റവും മികച്ച പഠന നിലവാരം ഉള്ള വിദ്യാലയം നമ്മുടേതാണ്.

എക്കോ ക്ലബ്,സീഡ് ക്ലബ്,റോഡ് സേഫ്റ്റി ക്ലബ് തുടങ്ങിയ വിവിധ ഇനം യൂണിറ്റുകൾ ഉള്ള സ്കൂളാണ് നമ്മുടേത്.



നന്ദകൃഷ്ണ
9B

# മരണം

മരിക്കില്ലൊരിക്കലും
 ജനിച്ചു വീഴുമ്പോൾ വിടർന്ന
പുഞ്ചിരി വളർത്തുവാനമ്മ
വേദനിച്ചു വളർന്നു വന്നപ്പോൾ
പുരുഷനായവൻ വളർന്ന
നാടിൻ്റെ രക്ഷകനായ് അവൻ്റെ
മനസ്സിൽ പകയുടെ തീ കനൽ
 ജനിച്ച തെപ്പോഴെന്നു ഞാൻ
തിരിച്ചറിഞ്ഞു ഒറ്റ നോട്ടത്തിൽ
അവൻ്റെ കണ്ണുകൾ
ചെങ്കനലായി വരുത്തനാണവൻ
വരക്കേടുള്ളവൻ അവൻ്റെ
മേൽ ഒരു കണ്ണ് വേണം ജനിച്ച
കുട്ടികൾ നമ്മുടെ മക്കൾ
തൻ അവൻ്റെ മനസിൽ ഇടം
കൊടുത്തു അവൻ്റെ ചതിയുടെ
 വീര്യം മനസിലുള്ളപ്പോൾ
ഒരിക്കൽ അവനൊരു
കഴുകനായി നമ്മുടെ കുട്ടികൾ
മരിച്ചു വീഴുമ്പോൾ
അമ്മ തൻ കണ്ണുനീർ
അടർന്നു വീണു ഇല്ല ഞാൻ
മരിക്കില്ല നിങ്ങൾ തൻ മനസ്സിൽ
നിങ്ങൾ എൻ കാഴ്ചയായ്
കാവലായി നിന്നു കാര്യങ്ങൾ
 ഇത്രമേൽ മാറിമറിഞ്ഞിട്ടു
മരിക്കില്ല ഞാൻ ഇന്നു
മരണത്തെ മറക്കില്ല മരിക്കില്ല
മരിക്കില്ല ഒരിക്കലും മരിക്കില്ല



SHIVA PRIYA
9F

# മൂന്നാറിലേക്ക്

കഴിഞ്ഞ ക്രിസ്മസ് അവധിക്കായിരുന്നു ഞാനും എന്റെ കുടുംബവും മൂന്നാറിലേക്ക് യാത്ര പോയത്. എന്റെ അച്ഛന്റെയും അമ്മയുടെയും കുടുംബവും ഒരുമിച്ച് രാവിലെ അഞ്ചുമണിയോടെ ഞങ്ങൾ കാറിൽ പുറപ്പെട്ടു. 9.30am ആയപ്പോൾ ഞങ്ങൾ മൂന്നാറിൽ എത്തി.

ഞങ്ങൾ അവിടെ എത്തി ഫ്രഷ് ആയി ഞങ്ങൾ ഓരോ കാഴ്ച്ചകൾ കാണാൻ വേണ്ടി ഇറങ്ങി. ആദ്യം തന്നെ ഞങ്ങൾ പോയത് എന്റെ കൂട്ടുകാരൻ പറഞ്ഞിട്ടുള്ള ആനമുടി കാണാൻ ആയിരുന്നു. ഞങ്ങൾ താമസിക്കുന്ന സ്ഥലത്തിന് 15 മിനിറ്റെടുത്തു അവിടെ ചെല്ലാൻ. ഞങ്ങൾ അവിടെ ചെല്ലുമ്പോൾ അവിടെ ഭയങ്കര തിരക്കായിരുന്നു. ഞങ്ങൾ അവിടെ എല്ലാം നോക്കി ഓരോരോ കാഴ്ച്ചകളും കണ്ടു നിന്നു. എന്നിട്ട് അവിടെ മഞ്ഞു സ്ഥലങ്ങളിൽ നിന്ന് ഓരോരോ ചിത്രങ്ങളും ഞങ്ങൾ പകർത്തി. പിന്നീട് ഞങ്ങൾ പോയത് മൂന്നാറിലെ തേയിലത്തോട്ടങ്ങൾ കാണാനായിരുന്നു, അതിമനോഹരമായ തേയില തോട്ടങ്ങൾ എന്ന് തന്നെ പറയാതിരിക്കാൻ കഴിയില്ല,കാരണം തേയില തോട്ടങ്ങൾ  മേഘക്കൂട്ടങ്ങൾക്കടിയി ലൊളിച്ചതുപോലെപോലെ മഞ്ഞുമൂടി കിടക്കുകയായിരുന്നു. അവിടെ നിന്നു കാഴ്ച്ചകൾ കണ്ട് തിരിക്കുന്ന നേരത്ത് ഞങ്ങളെല്ലാവരും അവിടെനിന്ന് ഓരോ പാക്കറ്റ് തേയില  വാങ്ങിക്കുകയും ചെയ്തു. തേയിലത്തോട്ടങ്ങൾക്ക് നടുവിലൂടെ ഞങ്ങൾ  ദേവികുളം വഴി  നടന്ന ചിന്നക്കനാലിൽ എത്തി. ആ യാത്ര രസകരം ആയിരുന്നു. യാത്ര തുടർന്നു, പിന്നീട് ഞങ്ങൾ പോയത് ടോപ് സ്റ്റേഷനിലേക്ക് ആയിരുന്നു. മൂന്നാറിലെ ഏറ്റവും ഉയരമേറിയ പ്രദേശമാണ് ടോപ് സ്റ്റേഷൻ. തമിഴ്നാടിന്റെ അതിർത്തിയിലുള്ള ടോപ് സ്റ്റേഷനിൽ സഞ്ചാരികളെ സ്വീകരിക്കാൻ ഒരു റസ്റ്ററന്റുണ്ട്, ആ റസ്റ്റോറന്റിൽ നിന്ന് ഞങ്ങൾ ഭക്ഷണം കഴിക്കുകയുംചെയ്തു. പിന്നീട് ഞങ്ങൾ മൂന്നാറിലെ ചോക്ലേറ്റ് ഫാക്ടറിയിൽ പോവുകയും അവിടെവെച്ചു ചോക്ലേറ്റ് എങ്ങനെയാ നിർമിക്കുന്നത് എന്നും ഞങ്ങൾ കണ്ടു. അവിടെ നിന്ന് രണ്ട് കവർ ചോക്ലേറ്റുകൾ വാങ്ങിക്കുകയും ചെയ്തു.

പിന്നീട് ഞങ്ങൾ കുറച്ചു ദൂരം വാഹനത്തിലാണ് യാത്ര ചെയ്തിരുന്നത്. വാഹനത്തിലൂടെ പോകുമ്പോൾ ഞങ്ങൾ റോഡിലെ ഇരുവശത്തും എല്ലാം നിലഗിരി  തഹറിനെ കാണുകയും ചെയ്തു. അങ്ങനെ ഞങ്ങൾ ഒരു ദിവസം മൂന്നാറിൽ എല്ലാ കാഴ്ച്ചകൾ കണ്ടു നടക്കുകയായിരുന്നു. പിറ്റേ ദിവസം രാവിലെ തന്നെ ഞങ്ങൾ തിരികെ നാട്ടിലേക്ക് വിട്ടു. അപ്പോൾ  മനസ്സിൽ മൂന്നാറിലെ കാഴ്ച്ചകൾ തങ്ങി നിൽക്കുകയായിരുന്നു.



Adithyan. T
9C

# MY FATHER.....MY MOTHER....

My father is my guide and my mother always taken my side.

She keeps me away from the things very bad.
She never let me sad.

For me my life is very hard.
But for me he is my being happy card.

They know how to drive a car,
But for me they are my superstar.
For them my head should not because for me they are my god....

They teach me good moral
They never teach me how to qurrel.

Midhuna L.M
VIII.G



SAYANTH A B PILLAI
9E

# 'സാങ്കേതികവിദ്യ ഗുണമോ ദോഷമോ'

ഇന്നത്തെ സമൂഹത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് സങ്കേതികവിദ്യ എന്നത്.
യന്ത്രസാമഗ്രികൾ സൃഷ്ടിക്കുന്നതിനും രൂപകൽപ്പന ചെയ്യുന്നതിനും സാങ്കേതികവും ശാസ്ത്രീയവുമായ അറിവിന്റെ ഉപയോഗത്തെ സൂചിപ്പിക്കുന്നതാണ് സാങ്കേതികവിദ്യ എന്നത്. മനുഷ്യരാശിയെ സഹായിക്കുന്ന മറ്റ് സാധനങ്ങൾ നിർമ്മിക്കാൻ സാങ്കേതികവിദ്യ സഹായിക്കുന്നു അതുപോലെ തന്നെ മനുഷ്യജീവിതം സുഗമമാക്കുന്നതിനുള്ള ഒരു നീണ്ട വഴി ഉൾക്കൊള്ളുന്നു. പക്ഷേ അതിന്റെ നെഗറ്റീവ് വശം അവഗണിക്കുവാനാകില്ല, സാങ്കേതികവിദ്യ ഒരു നല്ല കാര്യമാണെങ്കിലുംഎല്ലാത്തിനും രണ്ട് വശങ്ങളുണ്ട്.സാങ്കേതികവിദ്യക്കും രണ്ട് വശങ്ങളുണ്ട് ഒന്ന് നല്ലത് മറ്റൊന്ന് മോശം,ഇന്ന് നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം ഉപയോഗിക്കുന്നതെല്ലാം സാങ്കേതികവിദ്യയുടെ സമ്മാനമാണ്, അതില്ലാതെ നമുക്ക് നമ്മുടെ ജീവിതം സങ്കൽപ്പിക്കാൻ കഴിയില്ല .കൂടാതെ, അത് നമ്മുടെ ചുറ്റുപാടുകൾക്ക് ഗുരുതരമായ നാശം ഉണ്ടാക്കി എന്ന വസ്തുതകൾ നിരസിക്കാൻ കഴിയില്ല. സാങ്കേതികവിദ്യക്ക് പല പ്രഭാവങ്ങളും ഉണ്ട്. ഇന്നത്തെ ആഗോള സമ്പദ് വ്യവസ്ഥ ഉൾപ്പെടെ വിപുലമായ സമ്പദ് വ്യവസ്ഥകളുടെ വികാസത്തിന് അത് സഹായിച്ചിട്ടുണ്ട്. പല സാങ്കേതിക പ്രക്രിയകളും അനാവശ്യമായ ഉപോത്പന്നങ്ങൾ സൃഷ്ടിക്കാറുണ്ട്,മലിനീകരണം, ഭൂമിയുടെ പരിസ്ഥിതി ദോഷം, പ്രകൃതി വിഭവങ്ങളുടെ കഷയം തുടങ്ങിയവ. അത് കൂടാതെ തന്നെ ഒരു സമൂഹത്തിന്റെ മൂല്യങ്ങളെ സ്വാധീനിക്കുകയും പുതിയ സാങ്കേതികവിദ്യ പലപ്പോഴും പുതിയ നൈതിക ചോദ്യങ്ങൾ ഉയർത്തുകയും ചെയ്യുന്നു.

സാങ്കേതികവിദ്യ മനുഷ്യാവസ്ഥയെ മെച്ചപ്പെടുത്തിയോ അതോ മോശപ്പെടുത്തിയോ എന്നതിനെ പറ്റിയുള്ള അഭിപ്രായവ്യത്യാസങ്ങളോട് കൂടിയ പല തത്ത്വശാസ്ത്രപരമായ സംവാദങ്ങളും സാങ്കേതിക വിദ്യയുടെ ഉപയോഗങ്ങളെ ചൊല്ലി ഉടലെടുത്തിട്ടുണ്ട്.

അടുത്ത കാലം വരെ , സാങ്കേതികവിദ്യയുടെ വികസനം മനുഷ്യരിൽ ഒതുങ്ങുന്ന ഒന്നാണെന്നാണ് വിശ്വസിച്ചത് , എന്നാൽ 21 ാം നൂറ്റാണ്ടിൽ ശാസ്ത്രീയ പഠനങ്ങൾ മറ്റ് വർഗങ്ങളും ചില ഡോൾഫിൻ സമുദായങ്ങളും ലളിതമായ ഉപകരണങ്ങൾ വികസിപ്പിക്കുകയും തങ്ങളുടെ അറിവ് മറ്റ് തലമുറകളിലേക്ക് കൈമാറ്റം ചെയ്യുകയും ചെയ്തു എന്നു സൂചിപ്പിക്കുന്നു. എല്ലാ കാര്യങ്ങൾക്കും ഉണ്ട് ഗുണവും ദോഷവും എന്നാൽ അത് നമ്മൾ എങ്ങനെ ഉപയോഗിക്കുന്നു എന്നതിലാണ് കാര്യം.

Malavika . S
9. B



You may never know what results come of your actions, but if you do nothing, there will be no results.

Aghnesh A S

# പ്രതീക്ഷ

ദേവു....ദേവു..... ദേവു....മുത്തശ്ശിയുടെ ശബ്ദം തൊടിയിലെ .താമര കുളത്തിനരികെ നിന്ന ദേവൂന്റെ കാതുകളിൽ വന്നു പതിച്ചു .
ദാ വരുന്നു മുത്തശ്ശി....
കാലിലെ പാദസരം കുലുക്കി അവൾ തൊടിയിലൂടെ ഓടുകയായിരുന്നു.
 എന്റെ അപ്പുവിന് വല്ലതും പറ്റിയോ ,അവളുടെ ചിന്ത മുഴുവൻ അതായിരുന്നു.ഉമ്മറത്തു എത്തിയപ്പോഴേക്കും അപ്പുവിന്റെ മുറിയിലെ കുഴമ്പിന്റെയും മരുന്നുകളുടെയും വാസന അവൾ അറിഞ്ഞു. കിതച്ചുകൊണ്ട് അപ്പുവിന്റെ മുറിയിലേക്ക് കയറിയ അവളോട് മുത്തശ്ശി പരിഭവത്തിൽ പറഞ്ഞു, എന്താ ദേവു.. അപ്പുവിനെ മറന്നോ നീയ് നീയില്ലാണ്ട് അവൻ ഒന്നും കഴിക്കില്ലന്ന് അറിയില്ലേ ,അവൾ തല കുനിച്ചു തെല്ലു സങ്കടത്തോടെ നിന്ന് പോട്ടെ, സാരമില്ല നീ ഈ മരുന്ന് അവനെ ഒന്ന് കഴിപ്പിക്ക്. ശരി മുത്തശ്ശി.. അവൾ അപ്പുവിനരികിലേക്ക് ചെന്നു. കട്ടിലിൽ അരക്കു താഴേക്കു തളർന്നു പോയ തന്റെ കുഞ്ഞനുജനെ അവൾ ഒന്ന് നോക്കി.
എന്താ അപ്പൂസേ മരുന്ന് കഴിക്കില്ലേ നീ ,എന്തിനാ മുത്തശ്ശിയെ വിഷമിപ്പിക്കുന്നെ, അച്ഛനെയും അമ്മയെയ◌ു◌ം നഷ്ടമായ നമുക്ക് മുത്തശ്ശി മാത്രമല്ലെ ഉള്ളു, സാരമില്ല ഇനി ചേച്ചി മരുന്ന് തരാം. ദേവൂന്റെ മടിയിലേക്ക് അപ്പുവിന്റെ തല എടുത്തു വെച്ചു അവൾ മരുന്ന് പതുക്കെ പതുക്കെ നൽകി.ചേച്ചി.. അപ്പുവിന്റെ നനുത്ത ശബ്ദം.... പറഞ്ഞോ അപ്പു... ചേച്ചി... തൊടിയിൽ എന്തൊക്കെയാ കാഴ്ചകൾ.... നമ്മുടെ കുളത്തിലെ മീൻകുഞ്ഞുങ്ങൾ എന്തു പറയുന്നു...കുളത്തിൽ താമര വിരിഞ്ഞോ ചേച്ചി... ഒരായിരം ചോദ്യങ്ങൾ അവൾക്കു നേരെ......
അപ്പു നമ്മുടെ കുളത്തിലെ മീൻകുഞ്ഞുങ്ങൾ ഒരുപാടുണ്ട്, എന്തു

രസമാണെന്നോ കാണാൻ.. ഒരു താമര വിരിഞ്ഞു.........ദേവുവിന്റെ വിശേഷം കേട്ടു കേട്ടു അപ്പുവിന്റെ കണ്ണുകൾ പതുക്കെ അടഞ്ഞു. ..................

എന്റെ കാല് അയ്യോ ചേച്ചി... എനിക്ക് ഇക്കിളിയാവുന്നു ഈ മീൻകുഞ്ഞുങ്ങൾ എന്നെ ഇക്കിളിയാക്കുന്നു..... ചേച്ചി.... അപ്പു.... അപ്പു..... ന്താ... അപ്പു... ദേവുവിന്റെ വിളി അപ്പുവിന്റെ കാതിൽ മുഴങ്ങി കേട്ടു.. പെട്ടെന്ന് കണ്ണുകൾ തുറന്നു ചുറ്റും നോക്കി അവൻ.... നീ സ്വപ്നം കണ്ടോ അപ്പു... സ്വപ്നം .. അതേ സ്വപ്നം.... എനിക്ക് സ്വപ്നത്തിലെങ്കിലും തൊടിയിലൂടെ പറന്നു നടക്കാനും കുളത്തിലെ മീനകളോട് കിന്നാരം പറയാനും പറ്റുന്നുണ്ടല്ലോ ചേച്ചി... അവന്റെ വാക്കുകൾ ദേവുവിന്റെ കണ്ണുകളെ ഈറനണിയിപ്പിച്ചു.. അപ്പുവിനെ നെഞ്ചോട് അടക്കി പിടിക്കുമ്പോൾ അവളും തന്റെ അപ്പുവിന്റെ സ്വപനം യാഥാർഥ്യം ആകാൻ കൊതിച്ചിരുന്നു....................

ഗൗരി. എം

9F

# കാർമേഘം

എൻ കാർമേഘമേ...
ഈയുള്ളവൾ ഒരുകാര്യം
ചോദിക്കട്ടെയോ!?
ഈയുള്ള കാലമത്രയും
മഴയായ് ഭൂമിയിൽ പതിഞ്ഞ്
വീണതെല്ലാം നിൻ കണ്ണുനീർ
തുള്ളികളാണോ!?
അല്ലയോ എൻ കാർമേഘമേ...
നിൻ മിഴികളിൽ നിന്നുതിർന്നുവീണ
കണ്ണുനീർത്തുള്ളികളെയാണോ
ഞങ്ങൾ മഴയെന്ന പേര്
ചൊല്ലിവിളിക്കുന്നത്!?
ദുഃഖത്തിൻ തോണി നീ
തുഴയുമ്പോളാണോ
നിൻ ദുഃഖം അണപൊട്ടി വീഴുന്ന
വേളയെയാണോ
ഞങ്ങൾ വർഷക്കാലമെന്ന്
വിശേഷിപ്പിക്കുന്നത്!?

chinmaya
VII

# ചിന്ത

തോൽക്കാൻ ഒരു വിഷമവുമില്ല ജീവിതമല്ലേ,
പക്ഷെ മനപൂർവ്വം
തോൽപിക്കുമ്പോൾ
ഒരു പാട് വിഷമംതോന്നാറുണ്ട്

കെ. കെ റഫീദ്

നമ്മുക്ക് നമ്മളായി
തുടരാൻ, ഇടക്കൊക്കെ
ഒന്നൊറ്റപ്പെടുന്നത് നല്ലതാണ്

തോമസ് കുറ്റിക്കാട്

ചിരിച്ചുക്കൊണ്ടങ്ങനെ
മരിച്ചുകിടക്കണം.......
എന്നാൽപിന്നെ
ചിരിച്ചുക്കൊണ്ടിങ്ങനെ
ജീവിച്ചേക്കാം
മുട്ടിലിഴഞ്ഞാണെങ്കിലും

സ്കറിയ തോമസ്

by
KEVIN.B.POLE



## MY PET SHARU

I have a pet named Sharu.
She is a parrot.
She is like my friend.
I play with my Sharu.
She dance very well
She sings very well.
She spokes very well.
She is very pretty.
She loves me very much.
She is my lovely pet.
I like my pet sharu very much.
She is my lovely pet.

INDRAJITH

## സൂര്യോദയം

അന്നു ഞാനും എൻ്റെ കുടുംബവും
സുര്യോദയം കാണാൻ പുറപ്പെട്ടു...

ആ ചിത്രം ഇന്നും എൻ്റെ മനസ്സിൽ
മായാതെ പടന്തലിച്ചു നിൽക്കുന്നു.

ആ വർണ്ണന..... ആ മനോഹാരിത.....
മനസ്സിൻ്റെ ഉള്ളിൽ ഓളം തള്ളി കിടക്കുന്നു.

സ്വപ്നമായ് ഒരു ബാലകോകിലമായ്
അതെൻ്റെ മേൽ ഭംഗി പൂശി...

ഇനിയും ഒരു വെട്ടം കൂടി
ആ ദൃശ്യം ഒന്നു കണ്ടിരുന്നെങ്കിൽ

ആ ദൃശ്യം ഒന്നു കണ്ടിരുന്നെങ്കിൽ



Meekha

# പ്രകൃതി

ഒരിടത്ത് ഒരു പക്ഷി തൻ്റെ കൂടുക്കൂട്ടാനായി മരം അന്വേഷിച്ചു നടക്കുകയായിരുന്നു അപ്പോൾ അവൾ ഒരു വലിയ ആൽ മരം കണ്ടു അത്തിന്റെ തണലിൽ അനേകം കുട്ടികൾ കളിക്കുന്നു ആ പക്ഷി സന്തോഷവതിയായി അവൾ കൂടുക്കൂട്ടാൻ തുടങ്ങി........ നാളുകൾ കഴിഞ്ഞു മുട്ടകൾ വിരിഞ്ഞു അവൾ സന്തോഷത്തിൽ കഴിഞ്ഞു ... ഒരിക്കൽ കുഞ്ഞുങ്ങൾക്കായി ഭക്ഷണം തേടാൻ പക്ഷി ദൂരേക്ക് പോയി തൻ്റെ കുഞ്ഞുങ്ങളേ ആൽ മരത്തിനെ ഏൽപ്പിച്ച അവൾ പോയി ... .

പെട്ടെന്ന് എല്ലാവരും ഒരു വലിയ ശബ്ദം കേട്ടു നോക്കുമ്പോൾ മനുഷ്യർ മരങ്ങൾ മുറിച്ച് മാറ്റുന്നു കാടാകേ

വിറച്ചു . മനുഷ്യക്കണ്ണുകൾ ആ വലിയ ആൽ *മരത്തെ കണ്ടു അവരുടെ മൂർച്ച ഏറിയ വലിയ കത്തി കൊണ്ട് ആ ഭീമൻ ആൽ മരത്തെ മുറിച്ചിട്ടു

കൂടെ ശാഖകൾ ശരീരത്തിൽ വീണ് പക്ഷി കുഞ്ഞുങ്ങളും മരിച്ചു ഭക്ഷണം തേടാൻ പോയ പക്ഷി തിരികെ വന്നപ്പോൾ തൻ്റെ കരൾ നടുങ്ങുന്ന

കാഴ്ചയാണ് കണ്ടത് ചേതനയറ്റ നിലയിൽ തൻ്റെ കുഞ്ഞുങ്ങളുടെ ശരീരം അവൾ പെട്ടെന്ന് നടുങ്ങിപ്പോയി വലിയ ആൽമരത്തിന്റെ ശാഖ ശാഖ വീണ ആയിരുന്നു അവർ മരിച്ചത് പെട്ടെന്ന് അത് ഒരു ശബ്ദം ഒരു ഞാവൽ മരം തൻ്റെ മേലേക്ക് വീഴുന്നു പാവം അവളുടെ ജീവൻ ഒടുങ്ങി മനുഷ്യർ എന്നിട്ടും തൻ്റെ ജോലി നിർത്തിയില്ല പെട്ടെന്ന് അത് ഒരു കൂറ്റൻ ശബ്ദം അതൊരു മലയിടിച്ചിൽ ആയിരുന്നു അവിടെ ജോലി ചെയ്തിരുന്ന എല്ലാ മനുഷ്യരും ആ മലയിടിച്ചി മരിച്ചുപോയി പിന്നീടാണ് എല്ലാവർക്കും മനസ്സിലായത് ആ വലിയ ആൽമരം ആയിരുന്നു ഒരു മലയുടെ മുകളിലായിരുന്നു ആ മലയുടെ എല്ലാ മണ്ണിനെയും പിടിച്ചുനിർത്തിരുന്നത് കൂടി ആ മണ്ണ് ഇളകി അങ്ങനെ മലയിടിച്ച് സംഭവിച്ചു ആൽമരം എല്ലാവർക്കും ഒരു ദൈവത്തെ പോലെയായിരുന്നു ആൽമരത്തെ മുറിച്ചു മാറ്റിയതായിരുന്നു അവിടെ നടന്ന പ്രകൃതിക്ഷോഭത്തിന് കാരണമായത്

പ്രകൃതിയെ സംരക്ഷിക്കുക എന്ന മഹത്തായ പാഠം ഈ കഥയിലൂടെ നമുക്ക് മനസ്സിലാക്കാം

വൈഗ.ജെ.നായർ
9D

# MY DREAM

If  I am a car
I can run through out Day & Night.
    To me tired is far behind.
Hot and cold will not effect me.
 But,If my petrol is over
I am nothing, but a thing
If I am a human being
I can’t run throughout day and night.
To me tired is near
But, My life has meaning I am something “ A
gift of god”

Midhun VIII F

ഉപന്യാസം.
===========
വിഷയം : സ്ത്രീ ശക്തീകരണത്തിന്റെ പ്രാധാന്യം.
-------------------------------------
എന്താണ് സ്ത്രീ ശാക്തീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്?.. സ്ത്രീശാക്തീകരണം എന്നത് സ്ത്രീകളുടെ പുരോഗതിയാണ്, തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ അവരെ അംഗീകരിക്കുകയും ഉൾപ്പെടുത്തുകയും ചെയ്യുന്നു. സമൂഹത്തിലെ വളർച്ചയ്ക്കും വികാസത്തിനും അവർക്ക് തുല്യ അവസരങ്ങൾ നൽകുകയും ലിംഗ പക്ഷാപാതത്തെ അംഗീകരിക്കാതിരിക്കുക യും ചെയ്യുക എന്നതിനർത്ഥം..
ആർട്ടിക്കിൾ 15(3) ൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തെക്കുറിച്ച് പരാമർശിക്കുന്നു, "സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുന്നതിൽ നിന്ന് ഈ ആർട്ടിക്കിളിലെ ഒന്നും തന്നെ സംസ്ഥാനത്തെ തടയില്ല" എന്ന് പ്രസ്താവിക്കാം.

ഇന്ത്യയിലെ സ്ത്രീകൾക്കും കുട്ടികൾക്കും ഡിജിറ്റൽ സാക്ഷരതയും ഓൺലൈൻ സുരക്ഷയും വർദ്ധിപ്പിക്കുന്നതിനായി 2019 നവംബർ 19-ന് വനിതാ ശിശു വികസന മന്ത്രാലയം ഫേസ്ബുക്കുമായി സഹകരിച്ചു. ഗ്ലോബൽ ലിറ്ററസി പ്രോഗ്രാമിന് കീഴിൽ തരംതിരിച്ചിരിക്കുന്ന കാമ്പെയ്നിന് "വി തിങ്ക് ഡിജിറ്റൽ" എന്നാണ് പേരിട്ടിരിക്കുന്നത്.
സ്ത്രീകളും കുട്ടികളും ഇന്ത്യൻ സമൂഹത്തിൻ്റെ അവിഭാജ്യ ഘടകമാണ്. കൂടുതൽ സ്ത്രീകൾ മാറ്റത്തിൻ്റെ ഏജൻ്റുമാരാകണമെങ്കിൽ വിദ്യാഭ്യാസ യോഗ്യതകളിലേക്കുള്ള പ്രവേശനത്തിലും അത് നേടുന്നതിലും തുല്യത ആവശ്യമാണ്. കുടുംബത്തിലെ ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം എന്നിവ മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ തീരുമാനമെടുക്കുന്നതിൽ പങ്കാളികളാകാൻ സ്ത്രീകളെ ശാക്തീകരിക്കുന്നതിനും സ്ത്രീകളുടെ സാക്ഷരത ഒരു പ്രധാന താക്കോലാണ്...
പഠനവും അധ്വാനവും നേതൃത്വവും ഉൾപ്പെടുന്ന സ്ത്രീ ശാക്തീകരണത്തിൻ്റെ "3L" ഉണ്ട്(ലേർണിങ് , ലേബർ, ലീഡേർഷിപ് ).അവരുടെ ചിന്തകളെ വിശാലമാക്കാൻ സഹായിക്കുന്ന പരിധിയില്ലാത്ത അറിവ് നേടാൻ പഠനം സഹായിക്കുന്നു. പ്രതിസന്ധികളെ തരണം ചെയ്യാൻ ഇത് സ്ത്രീകളെ സഹായിക്കുന്നു. മഹാത്മാഗാന്ധിയുടെ അഭിപ്രായത്തിൽ, "നിങ്ങൾ ഒരു പുരുഷനെ പഠിപ്പിക്കുകയാണെങ്കിൽ നിങ്ങൾ ഒരു വ്യക്തിയെ പഠിപ്പിക്കുന്നു, എന്നാൽ നിങ്ങൾ ഒരു സ്ത്രീയെ പഠിപ്പിക്കുകയാണെങ്കിൽ നിങ്ങൾ ഒരു കുടുംബത്തെ മുഴുവൻ പഠിപ്പിക്കുന്നു." പ്രസിദ്ധമായ ഒരു ആഫ്രിക്കൻ പഴഞ്ചൊല്ലുണ്ട്: "നിങ്ങൾ ഒരു ആൺകുട്ടിയെ പഠിപ്പിക്കുകയാണെങ്കിൽ, നിങ്ങൾ ഒരു മനുഷ്യനെ പരിശീലിപ്പിക്കുന്നു. നിങ്ങൾ ഒരു പെൺകുട്ടിയെ പഠിപ്പിക്കുകയാണെങ്കിൽ, നിങ്ങൾ ഒരു ഗ്രാമത്തെ പരിശീലിപ്പിക്കുന്നു....

അവസരങ്ങൾ യാതൊരു മടിയും കൂടാതെ വിനിയോഗിക്കുക..
ഊതികെടുത്താൻ ശ്രമിക്കുമ്പോൾ ആളികത്തുന്ന ദീപമാവുക......

------------------------------------


------------------------------------

വൈദേഹി. ബി
9. B

# MOTHER'S LOVE

Mother's love is the love of god
Our mothers are the gift of god.
True love is really Mother's love
Her blessing is the blessing of god.
Really I thank god for my mother.
She thought how to continue a good life.
Like mothers there is no one in the world.
Virtue is the symbol of mother.
Everyday I pray for my mother to live me with all times

By : Kiran
VIII.E



HRIDHYA.A.J
9G



# അമ്മ

മറക്കില്ലമ്മേ നിൻ മടിത്തട്ടിൽ കിടന്നതും
മയക്കം വരുവോളം നീ തന്ന താരാട്ടും
നന്മതൻ പാത എനിക്കായ് ഒരുക്കിയതും
നേരിന്റെ വെളിച്ചം കണ്ണിൽ പകർന്നതും...

ഉരുള ചോറിനായ് വയറു വിശന്നതും
ഞാനുണ്ട് ചോറത്രയും നിന്റെ വിയർപ്പാണെന്നതും...

കാലത്തിനൊപ്പം വളർന്നു ഞാനമ്മേ
വെട്ടിപ്പിടിച്ചും കുത്തിനോവിച്ചും ജീവിച്ചുഞാൻ
മറന്നുഞാൻ ആ മടിത്തട്ടിലെ സ്നേഹവും
താരാട്ടും കരുണാർദ്രമാം നിന്റെ മിഴികളും...

ഇന്നെന്റെ കൂടെ നീയില്ല നിന്റെ കൈകളില്ല
ജോലിത്തിരക്കുണ്ട്
ഓടിനടന്നീടണം ഉരുളയൂട്ടി
വളർത്തിയ നിനക്കായി മൂന്നുരുള
നൽകുവാൻ എനിക്കിന്ന് നേരമില്ലമ്മേ...

Revathy.S.V VIII G

# SECRET BEHIND SUCCESS

One who possess,
Lively heart
Sovereigh hope
Uninterrupted aims,
Cherished belief,
Constant effort and triggered passion
crowns Success.

Sneha VIII F

# വിദ്യാർത്ഥികളുടെ സാമൂഹ്യ സേവനം

എന്നും സമൂഹമായി ജീവിക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യൻ സമൂഹത്തിനുവേണ്ടി അധ്വാനിക്കുകയും സമൂഹത്തിൽ നിന്ന് പ്രയോജനങ്ങൾ ആഗ്രഹിക്കുകയും ചെയ്തു വന്നു. തന്മൂലം, ഒരുവൻ സമൂഹത്തിന് പ്രയോജനപ്പെടണമെങ്കിൽ അവൻ സമൂഹത്തിന് സേവനം അർപ്പിക്കണം എന്ന നിലവന്നു. വളരുന്ന സമൂഹത്തിലെ ഒരു സുപ്രധാനമായ ഘടകമായ വിദ്യാർത്ഥികളും ഈ പൊതു തത്വത്തിന് വിധേയരാണ്.അവർ സമൂഹത്തെ സ്നേഹിക്കണം; സേവിക്കണം; ശുശ്രൂഷിക്കണം.

അടുത്ത കാലം വരെ സാമൂഹ്യ സേവനം എന്ന് പറഞ്ഞാൽ ഒന്നോ രണ്ടോ ജീവകാരുണ്യ പ്രവർത്തികളാണ് എന്നാണ് പൊതുവേ കണക്കാക്കിയിരുന്നത്. ഇന്ന് നില മാറിയിരിക്കുന്നു. ഒരുവറ്റ് ചോറ് കൊണ്ടു വിശപ്പടങ്ങിയിട്ടും മനസ്സിന്റെ വിശപ്പടങ്ങാത്തവർ എത്രയാണ്! ഒരിറ്റു സ്നേഹത്തിനു വേണ്ടി, ആത്മാർത്ഥതയുള്ള ഒരു വാക്കിനു വേണ്ടി ഒരു നോക്കിനുവേണ്ടി ദാഹിക്കുന്ന മനുഷ്യർ നമുക്ക് ചുറ്റുമുണ്ട്.


സ്വന്തം പ്രതിഭ ചെത്തിമിനുക്കി വളർത്തിയെടുക്കുവാൻ പ്രോത്സാഹനം ലഭിക്കാതെ പോകുന്നവർ, അക്ഷരം അറിയാൻ പാടില്ലാത്തവർ, അംഗീകാരം ലഭിക്കാതെ പോകുന്ന പ്രതിഭാശാലികൾ- ഇവരെല്ലാംസമൂഹത്തിന്റെ സേവനം അർഹിക്കുന്നു. നമുക്ക് അതെങ്ങനെ നിർവഹിക്കുവാൻ കഴിയും? അതാണ് ചോദ്യം.ഇതിനുത്തരം കണ്ടെത്തുകയാണ് നമ്മുടെ കടമ.

മെച്ചപ്പെട്ട സാമൂഹ്യ പ്രവർത്തനത്തിന് മൂന്ന് ഘട്ടങ്ങളുണ്ട്. നമ്മുടെ ചുറ്റുമുള്ള സമൂഹത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കുകയാണ് പ്രഥമഘട്ടത്തിൽ ചെയ്യേണ്ടത്. രണ്ടാം ഘട്ടത്തിൽ വ്യക്തിപരമായ സാമൂഹ്യ സേവനത്തിന് ഇറങ്ങിത്തിരിക്കണം.

സംഘടനയും ബാനറുകളും ക്യാമറകളും കൂടാതെ നമ്മുടെ സ്വന്തം നിലയിൽ തന്നെ പലതും ചെയ്യുവാൻ കഴിയും. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന സഹപാഠികൾക്കു പാഠങ്ങൾ വിശദീകരിച്ചു കൊടുക്കുക, ഒരു നല്ല വാക്ക്, ഒരു പുഞ്ചിരി, ഒരു ചെറിയ താങ്ങ് - ഇവ ആവശ്യമുള്ളവർക്ക് സന്തോഷത്തോടെ ആത്മാർത്ഥതയോടെ അത് നൽകുക-യാതൊരു ബുദ്ധിമുട്ടും കൂടാതെ ഈ സേവനങ്ങൾ നമുക്ക് ചെയ്യാം. സാമൂഹ്യ സേവന തൽപരരാവുക എല്ലാ വിദ്യാർത്ഥികളുടെയും കടമയാണ്.

Kripa Philip
9.G





NANDANA BIJULAL
9D



# നന്ദി 

